**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **24-02-2022 - ൽ മറുപടിയ്ക്ക്**

**മൽസ്യബന്ധന-വിപണനരംഗത്ത് പുതിയ സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൽസ്യബന്ധന- വിപണനരംഗങ്ങളിൽ ഗുണമേന്മ ഉറപ്പ് വരുത്താൻ പുതിയ സാങ്കേതിക വിദ്യകളുടെ പിൻബലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൽസ്യബന്ധന-വിപണനരംഗങ്ങളിൽ ഗുണമേന്മ ഉറപ്പ് വരുത്താൻ പുതിയ സാങ്കേതിക വിദ്യകളുടെ പിൻബലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് തുടങ്ങിയ ഏജൻസികൾ മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും, അവയുടെ വാണിജ്യ ശൃംഖല വിപുലമാക്കുവാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും, അവയുടെ വാണിജ്യ ശൃംഖല വിപുലമാക്കുവാനും സ്വീകരിച്ച നടപടികൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ എല്ലാ ജില്ലയിലും ഓൺലൈനായി വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ സഹായത്തോടെ ഒരു വെബ് പോർട്ടലും മൊബൈൽ ആപ്പും രണ്ട് മാസത്തിനകം പ്രവർത്തന ക്ഷമമാകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൽസ്യബന്ധന-വിപണനരംഗങ്ങളിൽ ഗുണമേന്മ ഉറപ്പ് വരുത്താനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന **120.57** കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ **51** ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടു കൂടിയ വിപണന സ്റ്റാളുകൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും ഓരോ മാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥല ലഭ്യത അനുസരിച്ച് ഓരോ മത്സ്യമാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ് ലെറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പ് വരുത്തുന്നതാണ്.

## സാഫ് മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ

മത്സ്യബന്ധന വിപണനരംഗങ്ങളിൽ ഗുണമേൻമ ഉറപ്പ് വരുത്താൻ പുതിയ സാങ്കേതിക വിദ്യകളുടെ പിൻബലത്തിൽ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷെൻറിങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. 2 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കാണ് ഈ കിയോസ്കുകൾ വിതരണം ചെയ്യുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഇതിനായി ഗുണഭോക്തൃ ഗ്രൂപ്പുകളെ കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഒരു കിയോസ്ക് ലഭിക്കുന്നതിനായി 11900 രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി കിയോസ്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

## മത്സ്യഫെഡ് മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ

മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയും അവയുടെ ഗുണനിലവാരം ഉറപ്പാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT ന്റെയും, CTCRI യുടെയും സാങ്കേതിക സഹായത്തോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ചെങ്ങന്നൂരും, വയനാട്ടിലുമാണ് ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നു. വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ്

ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപച്ച യൂണിറ്റുകൾ വഴി വിപണനം ചെയ്തു വരുന്നു. ടി. പ്ലാൻറ് വഴി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാൻറ് പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാൻറിൽ ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT ന്റെയും, CTCRI യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണ ശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. മേൽ പദ്ധതികളിൽ മത്സ്യത്തൊഴിലാളി സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ച കൊണ്ടുവരുന്ന മത്സ്യം കേടു കൂടാതിരിക്കുന്നതിന് 220 Insulated fish box കൾ കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 2

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു.

മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയശേഷം സൗരോർജ്ജ ഡ്രൈയറിൽ ഉണക്കി എടുത്ത് പായ്ക്ക് ചെയ്തു വിപണിയിൽ എത്തിക്കുന്നു. ഇതുകൂടാതെ ICAR-CIFT -ന്റെ സാങ്കേതിക സഹായത്തോടെ "റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ "ഫിഷ് മെയ്ഡ്"എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഇതിനു പുറമെ മത്സ്യത്തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സഹായകരമാകുന്ന വിവിധ ട്രെയിനിംഗ് പരിപാടികളും നടപ്പിലാക്കി വരുന്നു.

## സാഫ് മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ

മത്സ്യമേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടു വരുന്നതിനും മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മത്സ്യഉൽപ്പന്നങ്ങളുടെ വിപണന സാധ്യത ഉയർത്തുന്നതിനും 282 ലക്ഷം രൂപയുടെ 'Value Added Fish Production Unit- A new Business Platform for Fisherwomen' എന്ന പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുവഴി മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഉയർന്ന ഗുണനിലവാരമുള്ള മത്സ്യഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, മത്സ്യഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു. 150 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പതിനഞ്ച് Value Added Fish Production Unit കൾ രൂപീകരിക്കും. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി പദ്ധതി നടപ്പിലാക്കും. നിലവിൽ മത്സ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്ന 30 ചെറുകിടസംരംഭങ്ങളെ Value Added Fish Production Units ആയി ഉയർത്തും. പുതിയതായി രൂപീകരിക്കുന്ന 10 പേര് വരെ അടങ്ങുന്ന ഒരു യൂണിറ്റിന് പദ്ധതിയുടെ 75% ആയ 10 ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിക്കുന്നു. ബാക്കി വരുന്ന 20% ബാങ്ക് ലോൺ ആയും 5% ഗുണഭോക്തൃവിഹിതമായും കണ്ടെത്തുന്നു. നിലവിലുള്ള Fish related activity യൂണിറ്റുകളുടെ വിപുലീകരണത്തിനായി ഒരു ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിക്കും. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കും നിലനിൽപ്പിനും ആവശ്യമായ പരിശീലനങ്ങൾ നൽകും. Fish Federation നെ ശക്തിപ്പെടുത്തുക വഴി സുസ്ഥിരമായ മാർക്കറ്റിംഗ് സംവിധാനം ഉറപ്പുവരുത്തുന്നു. ഒരേ ഗുണനിലവാരമുള്ള മത്സ്യ ഉൽപ്പന്നങ്ങൾക്കായി Common Facility Centre സ്ഥാപിക്കും. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും ഉൽപ്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി Procurement Centre കൾ സ്ഥാപിക്കുംവാനും ഉദ്ദേശിക്കുന്നു. 300 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കും.

തീരമൈത്രി സംരംഭങ്ങളിലെ 145 മൽസ്യസംസ്കരണ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നതിൽ നിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്കമൽസ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റുകളിൽ സാഫ് ലഭ്യമാക്കി വരുന്നു. തീരമൈത്രി സംരംഭകർ ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്ത് മാർക്കററിൽ എത്തിക്കുന്നു. തീരമൈത്രി ഗ്രൂപ്പുകളുടെ ഡ്രൈഫിഷ് അപ്പെക്സ് ഫെഡറേഷനാണ് 'തീരമൈത്രി' എന്ന ബ്രാൻഡിൽ ഗുണനിലവാരം ഉറപ്പാക്കിയ ഉണക്ക മൽസ്യം വിപണിയിലെത്തിക്കുന്നത്.

## <u>മത്സ്യഫെഡ് മുഖാന്തിരം സ്വീകരിച്ചു വരുന്ന നടപടികൾ</u>

മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയും അവയുടെ ഗുണനിലവാരം ഉറപ്പാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT ന്റെയും, CTCRI യുടെയും സാങ്കേതിക സഹായത്തോടു കൂടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ചെങ്ങന്നൂരും, വയനാട്ടിലുമാണ് ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നു. വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ റെഡി റ്റു ഈറ്റ് & റെഡി റ്റി കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ടീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപച്ച യൂണിറ്റുകൾ വഴി വിപണനം ചെയ്തു വരുന്നു. ടി. പ്ലാൻറ് വഴി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാൻറ് പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാൻറിൽ ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT ന്റെയും, CTCRI യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണ ശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. മേൽ പദ്ധതികളിൽ മത്സ്യത്തൊഴിലാളി സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**